പെൻഷൻ പറ്റിയവർക്ക് പെൻഷനും ശമ്പളവും ലഭിക്കുവാൻ വ്യവസ്ഥ

6(1470)ശ്രീ. പി.വി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽനിന്നും പെൻഷൻ പറ്റിയവർ വീണ്ടും സർക്കാർ സർവ്വീസിൽ പുനർനിയമിതരായാൽ അവർക്ക് പെൻഷനും ശമ്പളവും ലഭിക്കുവാൻ കെ.എസ്.ആർ.-ൽ വ്യവസ്ഥയുണ്ടോ;

(ബി) ഇത് സംബന്ധിച്ചുള്ള ഏതെങ്കിലും കോടതിവിധി നിലവിലുണ്ടോ; എങ്കിൽ ഏതാണ് പ്രസ്തുത കോടതി വിധി; വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പെൻഷൻ പറ്റിയവർ പുനർനിയമിതരായതിനുശേഷം പ്രസ്തുത പുനർനിയമനകാലം കഴിയുമ്പോൾ മുൻപെൻഷന് പുറമെ പുനർ നിയമനത്തിലൂടെ ലഭിച്ച സർവ്വീസിനു പ്രത്യേകം പെൻഷൻ നൽകാറുണ്ടോ;

(ഡി) ട്രാവൻകൂർ-കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് സംസ്ഥാന സർക്കാരിന് കീഴിലും പൊതുമേഖലാസ്ഥാപനങ്ങളിലും ഓട്ടോണമസ് സ്ഥാപനങ്ങളിലും പെൻഷൻ പറ്റിയ എത്ര പേർ നിയമിതരായിട്ടുണ്ടെന്നതിന്റെ കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള വ്യവസ്ഥ അത്തരത്തിൽ ഭേദഗതി ചെയ്തുകൊണ്ട് എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും കോടതിവിധി ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

വിദേശ മലയാളികൾക്ക് പെൻഷൻ പദ്ധതി

7 (1471)ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികൾക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പെൻഷൻ പദ്ധതി നടപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ധനകാര്യ വകുപ്പ് എക്സ്പെൻഡിച്ചർ സെക്രട്ടറി ചെയർമാനായി സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ആ റിപ്പോർട്ടിന്മേൽ എന്തു തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതുകൊണ്ട് സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയാണ്; പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) നഷ്ടം സഹിച്ചും മഹത്തായ ഈ പദ്ധതി നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവാസി കേരളീയ ക്ഷേമ ഏജൻസി മുഖേന വിദേശ മലയാളികൾക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതി ഇതേപ്പറ്റി സമഗ്ര പഠനം നടത്തിവരുന്നു.

(ബി) ഇല്ല

(സി) ഉദിക്കുന്നില്ല.

(ഡി)&(ഇ) വിദഗ്ദ്ധ സമിതി സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച ശേഷമേ ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിവാകുകയുള്ളു.

പ്രവാസി മലയാളികൾക്ക് പെൻഷൻ

8 (1472)ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് പറയുമോ;

(ബി) പെൻഷൻ പദ്ധതിക്കു രൂപംനൽകുന്നതിനെപ്പറ്റി പഠിച്ച് ശുപാർശ സമർപ്പിക്കുവാൻ ഒരു സമിതിയെ നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ഡി) അവർ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ അതിലെ ശുപാർശകൾ എന്തെല്ലാമാണ്;

(ഇ) ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി)പ്രവാസി കേരളീയ ക്ഷേമ ഏജൻസി മുഖേന പ്രവാസി കേരളീയർക്ക് ഒരു പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ശുപാർശ സമർപ്പിക്കുവാൻ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി ഇതേപ്പറ്റി വിശദമായ പഠനം നടത്തിവരുന്നു.

(സി) ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് സെക്രട്ടറി ചെയർമാനുമായുള്ള സമിതിയിൽ റിട്ടയേർഡ് അഡീഷണൽ സെക്രട്ടറി ശ്രീ. കെ. ജി. ഈപ്പൻ, കൺസൾട്ടിംഗ് ആക്ചറി ശ്രീ. എസ്. ചിദംബരം, സ്റ്റേറ്റ് ഇൻഷു

LIBRARY ARCHIVES Kerala Legislative Assembly